## നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുവാൻ നടപടി

94. [94] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരുമൂട്ടിൽ നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് ആലപ്പുഴ പോലീസ് സൂപ്രണ്ട് ഡി. ജി. പി. യുടെ ശുപാർശയോടെ സർക്കാരിന് നൽകിയ റിപ്പോർട്ടിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ചാരുംമൂട് കേന്ദ്രമാക്കി നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ, ബി) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പീരുമേട് ഫയർ സ്റ്റേഷൻ

95. [95] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) റവന്യൂ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ദേവികുളം ആർ. ഡി. ഒ. കൈമാറി ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പീരുമേട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകി ഉത്തരവാകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാപട്ടികയിൽ 32-ാമതായി പീരുമേട് ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) പീരുമേട് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ഇതുവരെയും റവന്യൂ വകുപ്പിൽ നിന്നും കൈമാറികിട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വസ്തു കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള സമ്മതപത്രം ലാന്റ് റവന്യൂ കമ്മീഷണർക്ക് 27-4-2005-ൽ കമാന്റന്റ് ജനറലിന്റെ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) വസ്തു കൈമാറികിട്ടുന്നമുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആറശ്യമായ ഭരണാനുമതി സർക്കാർ നൽകുന്ന മുറയ്ക്കും ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കാവുന്നതാണ്.

മണ്ണാർക്കാട് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

96 [96] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ഫയർ സ്റ്റേഷൻ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള എല്ലാ സാങ്കേതികതടവും പൂർത്തിയായിട്ടും ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന്? പറയാമോ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് ഒരു ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനും പ്രസ്തുത ഫയർ സ്റ്റേഷനുവേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതിനും 8-3-2005-ലെ ജി. ഒ. (എം എസ്.) 69/2005/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഫയർസ്റ്റേഷൻ തുറക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ അനുവദിച്ച എൻ. ജി. ഒ. കാർട്ടേഴ്സിൽ വാഹനങ്ങൾക്കായുള്ള ഗ്യാരേജും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയാക്കി വകുപ്പിന് കൈമാറുന്ന മുറയ്ക്ക് മണ്ണാർക്കാട് ഫയർസ്റ്റേഷൻ തുറന്നു പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

പരവൂരിലെ ഫയർസ്റ്റേഷൻ നിർമ്മാണം

97. [97] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട ഫയർ സ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർസ്റ്റേഷനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് കെട്ടിടനിർമ്മാണം എന്നിവ എത്രമാത്രം പുരോഗതിയിലാണെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly